കൾക്കും പ്രതിമാസം 1,600 രൂപയാണ് വാർദ്ധക്യകാല പെൻഷനായി ലഭിക്കുന്നത്.

**9)മത്സ്യത്തൊഴിലാളികളുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.**

മത്സ്യത്തൊഴിലാളിയുടെ മരണാനന്തര ചിലവുകൾക്കായി10,000/- രൂപ ധനസഹായമായി ലഭിക്കും.

**10) മത്സ്യത്തൊഴിലാളികളുടെ മരണത്തോടെ നിരാലംബരാകുന്ന ആശ്രിതർക്കുള്ള ധനസഹായ പദ്ധതി**

മത്സ്യത്തൊഴിലാളികൾ ഏത് സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് സൗജന്യമായി 15,000/- രൂപ ലഭിക്കുന്നതാണ്.

**11) സേവിംഗ് കം റീലീഫ്സ് കീം**

ഒരു മത്സ്യത്തൊഴിലാളി ക്ഷേമനിധി ഓഫീസിൽ 1,500 രൂപ അടച്ച് ഒരു വർഷം തികയുമ്പോൾ സംസ്ഥാന സർക്കാർ 1,500 രൂപയും, കേന്ദ്ര സർക്കാർ 1,500 രൂപയും നൽകും മത്സ്യത്തൊഴിലാളിക്ക് ആകെ 4,500 രൂപ ലഭിക്കുന്ന പദ്ധതിയാണിത്.

മത്സ്യത്തൊഴിലാളികൾക്കായി പല ക്ഷേമപദ്ധതികളും സർക്കാർ നടപ്പിലാക്കുന്നുണ്ടെങ്കിലും അത് കൃത്യമായി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുവാൻ വേണ്ട ബോധവത്ക്കരണം അനിവാര്യമാണ്. ഇപ്പോഴത്തെ സ്ഥിതികൾ വിലയിരുത്തി പുതിയ ആനുകൂല്യങ്ങൾക്കും ആഴക്കടൽ മത്സ്യബന്ധനത്തിനുവേണ്ട പുതിയ പദ്ധതികളൊരുക്കി മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കേണ്ടത് സർക്കാരിന്റെയും സംഘടനകളുടെയും ധാർമ്മിക ഉത്തരവാദിത്വമാണ്.

**തയ്യാറാക്കിയത്,**
**മേഴ്സി ക്ലമന്റ്**
**ഫിഷറീസ് മിനിസ്ട്രി**

**ചൈൽഡ് ലൈൻ തിരുവനന്തപുരം**

*കുട്ടികൾക്ക് അവരുടെ വിഷമ ഘട്ടങ്ങളിൽ 1098 എന്ന സൗജന്യ നമ്പറിൽ വിളിച്ച് സേവനം ഉറപ്പാക്കുവാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ദേശീയ വികസന പദ്ധതി.*

*Jeeva Jyothi Offset Press Tvm Phone. 0471 2311620*

**മാർച്ച് 2022** **ലക്കം 3**

# ഉണർവ്വ്
## പഠനപത്രിക

ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി

# സർക്കാരിൽ നിന്ന് ലഭിക്കുന്ന ചില മത്സ്യത്തൊഴിലാളിക്ഷേമ പദ്ധതികൾ

തിരുവനന്തപുരം അതിരൂപതയിലെ ബഹുഭൂരിപക്ഷം ജനങ്ങളും മത്സ്യത്തൊഴിലാളികളാണ്. മത്സ്യത്തൊഴിലാളികളുടെ സംഘാടനവും സമഗ്രമായ വളർച്ചയും, ക്ഷേമവും സാധ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത "മത്സ്യമേഖലാ ശുശ്രൂഷ"യ്ക്ക് രൂപം നൽകിയത്.

അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചു കൊണ്ട് ജീവസന്ധാരണത്തിനും നാടിന്റെ നൻമയ്ക്കും വേണ്ടി പടപൊരുതുന്നവരാണ് മത്സ്യത്തൊഴിലാളികൾ. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പാക്കുന്നതിന് തിരുവനന്തപുരം അതിരൂപത മത്സ്യമേഖല ശുശ്രൂഷ വഴി സംസ്ഥാന സർക്കാരുമായി കൈകോർത്തു കൊണ്ട് മാത്രമേ ഗവൺമെന്റ് പദ്ധതികൾ ജനങ്ങളിലെത്തിക്കാൻ മത്സ്യമേഖല ശുശ്രൂഷയ്ക്ക് സാധിക്കുകയുള്ളൂ. ആയതിനാൽ സർക്കാർ നടപ്പിലാക്കി വരുന്ന ചില പ്രധാനപ്പെട്ട പദ്ധതികൾ നിങ്ങളുടെ അറിവിലേയ്ക്കായി ചുവടെ ചേർക്കുന്നു.

1) **സ്കൂൾതലത്തിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്**

മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ പുരോഗതി നേടുന്നതിന് പ്രോത്സാഹനം നൽകുന്നതാണ് ഈ പദ്ധതി.

## ക്യാഷ് അവാർഡ് തുക

| | | |
|---|---|---|
| 1 | സംസ്ഥാനതലത്തിൽ എല്ലാ വിഷയങ്ങളിലും A+ നേടുന്നവർക്ക് (S.S.L.C.) | 5,000/-രൂപ |
| 2 | സംസ്ഥാനതലത്തിൽ 9 വിഷയങ്ങളിൽ A+ നേടുന്നവർക്ക് (S.S.L.C.) | 4,000/-രൂപ |
| 3 | സംസ്ഥാനതലത്തിൽ 8 വിഷയങ്ങളിൽ A+ നേടുന്നവർക്ക് (S.S.L.C.) | 3,000/-രൂപ |
| 4 | സംസ്ഥാനതലത്തിൽ എല്ലാ വിഷയങ്ങളിലും A+ നേടുന്നവർക്ക്(+2) | 5,000/-രൂപ |
| 5. | റീജണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | 3,000/-രൂപ |

**(ക്യാഷ് അവാർഡിനു പുറമെ മെരിറ്റ് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്.)**

**2) വിധവാ പെൻഷൻ**

മത്സ്യത്തൊഴിലാളിയുടെ മരണംമൂലം നിരാലംബരായി തീരുന്ന അവരുടെ ഭാര്യക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ പ്രതിമാസം 1,600 രൂപ പെൻഷൻ നൽകുന്ന പദ്ധതിയാണിത്.

**3)മാരക രോഗചികിത്സാ പദ്ധതി**

മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ്ധ ചികിത്സയ്ക്കുവേണ്ട ധനസഹായം നൽകുന്ന പദ്ധതിയാണിത്.

| | | |
|---|---|---|
| *1.* | *ഹൃദ്രോഗം* | *50,000/-രൂപ* |
| *2.* | *വൃക്കരോഗം* | *50,000/-രൂപ* |
| *3.* | *ക്യാൻസർ* | *50,000/-രൂപ* |
| *4.* | *തലച്ചോറിലെ ട്യൂമർ* | *50,000/-രൂപ* |
| *5.* | *തളർവാതം* | *12,000/-രൂപ* |
| *6.* | *ചികിത്സിച്ചുഭേദമാക്കാൻ പറ്റുന്ന മാനസികരോഗം* | *5,000/-രൂപ* |

**4)മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിന്റെ പ്രത്യേക ധനസഹായം**

ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷീക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിക്കുന്നു.

**5) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി**

മത്സ്യസുരക്ഷാ പദ്ധതിയിൻ കീഴിലാണ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നത്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേക തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

**ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ധനസഹായങ്ങൾ**

| | |
|---|---|
| അപകട മരണം | 10,00,000/-രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 10,00,000/-രൂപ |
| സ്ഥിരവും ഭാഗീകവുമായ അവശത | 5,00,000/-രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം | 5,000/-രൂപ (പരമാവധി 10,000/-രൂപ വരെ) |
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുവർക്ക് ധനസഹായം | 25,000/-രൂപ (പരമാവധി) |

**6)മത്സ്യബന്ധന സമയത്തോതൊട്ടുപിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണ**ത്തിന് ആശ്രിതർക്ക് 50,000/- രൂപ ധനസഹായമായി ലഭിക്കും.

**7) വാർദ്ധക്യകാല പെൻഷൻ**

60 വയസ്സിന് മുകളിൽ പ്രായമുള്ളഎല്ലാ മത്സ്യത്തൊഴിലാളി